REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-06-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സ്വയംപര്യാപ്തമായ രാജ്യം സാമ്പത്തിക സ്ഥിരത നിലനിർത്താനും പ്രതിസന്ധി ഘട്ടങ്ങളിൽ വികസന മുൻഗണനകൾ ഏറ്റെടുക്കാനും കൂടുതൽ സജ്ജമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനത്തിന് നാളെ തുടക്കമാകും.**
- **ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബോധവത്കരണ റാലി രാവിലെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.ഡി സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും.**
- **സംസ്ഥാനത്ത് ഇന്നലെ 6 പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ജർമ്മനി നോക്കൗട്ടിൽ. ഇക്വഡോർ നോക്കൗട്ട് സാധ്യത ഉറപ്പിച്ചു.**

## വാർത്തകൾ വിശദമായി

സ്വയംപര്യാപ്തമായ ഒരു രാജ്യം സാമ്പത്തിക സ്ഥിരത നിലനിർത്താനും പ്രതിസന്ധി ഘട്ടങ്ങളിൽ വികസന മുൻഗണനകൾ ഏറ്റെടുക്കാനും കൂടുതൽ സജ്ജമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. രാഷ്ട്രപതി ഭവനിൽ 2023, 2024 ബാച്ചുകളിലെ മിലിട്ടറി എഞ്ചിനീയർ സർവീസസ് ഓഫീസർ ട്രെയിനികളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യരക്ഷാ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ മിലിട്ടറി എഞ്ചിനീയർ സർവീസസ് വഹിക്കുന്ന പങ്ക് സമാനതകളില്ലാത്തതാണെന്ന് രാഷ്ട്രപതി പറഞ്ഞു. തന്ത്രപ്രധാന പ്രതിരോധ കേന്ദ്രങ്ങൾ വികസിപ്പിക്കുകയും

പരിപാലിക്കുകയും ചെയ്യുന്നതിനും സായുധ സേനയുടെ പ്രവർത്തന ശേഷി ശക്തിപ്പെടുത്തുന്നതിനും ഈ വിഭാഗം നിർണായക പങ്കുവഹിക്കുന്നുണ്ടെന്നും ദ്രൗപതി മുർമു പറഞ്ഞു.

✪✪✪

സീഷെൽസിന്റെ ദേശീയദിന സുവർണ്ണജൂബിലി ആഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ മുതൽ 29 വരെ സീഷെൽസിൽ ഔദ്യോഗിക സന്ദർശനം നടത്തും. 2015 ലാണ് പ്രധാനമന്ത്രി അവസാനമായി സീഷെൽസ് സന്ദർശിച്ചത്. രാജ്യരക്ഷാ സേനയുടെ ഒരു സംഘവും രണ്ട് ഇന്ത്യൻ നാവികസേന കപ്പലുകളും ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു.

സന്ദർശന വേളയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി സീഷെൽസ് പ്രസിഡന്റ് ഡോ. പാട്രിക് ഹെർമിനിയുമായി കൂടിക്കാഴ്ച നടത്തുകയും, പ്രാദേശിക-അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുകയും ചെയ്യും. സീഷെൽസിന്റെ ദേശീയ അസംബ്ലിയെ അഭിസംബോധന ചെയ്യുന്ന നരേന്ദ്ര മോദി, ഇന്ത്യൻ പ്രവാസികളുമായും സംവദിക്കും. ഇന്ത്യയും സീഷെൽസും തമ്മിൽ നിലനിൽക്കുന്ന സൗഹൃദം വീണ്ടും ഉറപ്പിക്കാനും എല്ലാ മേഖലകളിലും ഉഭയകക്ഷി ബന്ധം മെച്ചപ്പെടുത്താനും സന്ദർശനം സഹായകമാകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി, ഇന്നലെ ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലിന്റെ സാമ്പത്തിക കാര്യ പ്രത്യേക ഉപദേശക, നെതർലാൻഡ്സ് രാജ്ഞി മാക്സിമയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യയുടെ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ വികാസം, സാമ്പത്തിക സേവനങ്ങൾ കൂടുതൽ പ്രാപ്യവും താങ്ങാനാവുന്നതും ജീവിതം എളുപ്പമാക്കുന്നതും ജനങ്ങളെ ശാക്തീകരിക്കുന്നതു മായത് എങ്ങനെയെന്ന് കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തതായി മോദി ഒരു സാമൂഹ്യ മാധ്യമ കുറിപ്പിൽ പറഞ്ഞു.

✪✪✪

സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താൻ സെൽഫ് എന്യൂമറേഷൻ സൗകര്യം ഇനി 5 ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലെ ലിങ്കിൽ സംസ്ഥാനം തിരഞ്ഞെടുത്ത ശേഷം കുടുംബനാഥന്റെ പേരും മൊബൈൽ നമ്പറും നൽകി രജിസ്റ്റർ ചെയ്ത് വീട് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കാം.

✪✪✪

ഈ മാസം 21ന് നടന്ന നീറ്റ് പുനഃപരീക്ഷയുടെ ഉത്തരസൂചികകൾ www.neet.nta.in ൽ ലഭ്യമാണെന്ന് NTA സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. മറ്റന്നാൾ വരെ വിദ്യാർത്ഥികൾക്ക് ഒരു ചോദ്യത്തിന് ഇരുന്നൂറ് രൂപ നിരക്കിൽ ചോദ്യങ്ങൾ വിലയിരുത്താം. ചലഞ്ച് സ്വീകരിച്ചാൽ ഫീസ് പൂർണ്ണമായും തിരികെ ലഭിക്കും. പുനഃപരീക്ഷയ്ക്ക് ഹാജരായ വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ ലഭിക്കുന്നതിനും ബാങ്ക് അക്കൗണ്ട് അപ്ഡേറ്റ് ചെയ്യുന്നതിനും NTAയുടെ പോർട്ടലിൽ ഈ മാസം 30 വരെ സൗകര്യം ലഭ്യമാണ്.

✪✪✪

ഇന്ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം. ലോകത്ത് ദശലക്ഷക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന വിപത്താണ് ലഹരി ഉപയോഗവും, ലഹരിക്കടത്തുമെന്ന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിക്കുന്നത്. "ലഹരിയെ തുടച്ചുനീക്കാം, അതിജീവനത്തിന്റെ കരുത്തോടെ" എന്നതാണ് ഈ വർഷത്തെ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണ സന്ദേശം.

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വിമുക്തി മിഷനും വിശ്വശാന്തി ഡെവലപ്മെന്റ് ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ബോധവത്കരണ റാലി ഇന്ന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി VD സതീശൻ ഫ്ലാഗ് ഓഫ് ചെയ്യും. രാവിലെ പത്തരയ്ക്ക് കവടിയാറിൽ നിന്ന് ആരംഭിക്കുന്ന റാലി, കനകക്കുന്ന് കൊട്ടാരത്തിൽ സമാപിക്കും. ലഹരിവസ്തുക്കളുടെ ദുരുപയോഗത്തെയും അനധികൃത കടത്തിനെയും പ്രതിരോധിക്കുന്നതിനും യുവജനങ്ങളിലും വിദ്യാർഥികളിലും ബോധവത്കരണം ശക്തിപ്പെടുത്തുകയുമാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

നാർക്കോ-കോർഡിനേഷൻ സെന്ററിന്റെ പത്താമത് ഉന്നതതല യോഗം ഇന്ന് ന്യൂഡൽഹിയിൽ നടത്തും. ആഭ്യന്തര മന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കും. രാജ്യത്ത് മയക്കുമരുന്ന് കടത്തും ദുരുപയോഗവും ചെറുക്കുന്നതിന് ശ്രമങ്ങൾ അവലോകനം ചെയ്യുന്നതിനാണ് യോഗം. യോഗത്തിൽ, കേന്ദ്ര മന്ത്രാലയങ്ങൾ, സംസ്ഥാന ഗവണ്മെന്റുകൾ, മയക്കുമരുന്ന് നിയമ നിർവ്വഹണ ഏജൻസികൾ എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കും.

രാജ്യത്തുടനീളം പിടിച്ചെടുത്ത ഏകദേശം 6,000 കോടി രൂപ വിലമതിക്കുന്ന മയക്കുമരുന്ന് വസ്തുക്കൾ നിയമപരമായ നടപടിക്രമങ്ങൾക്കനുസൃതമായി

നശിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഓൺലൈൻ മയക്കുമരുന്ന് നിർമാർജന പക്ഷാചരണത്തിന് അമിത്ഷാ തുടക്കം കുറിക്കും.

✪✪✪

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തിൽ 'കരുതലോടെ കരുനീക്കാം' എന്ന സന്ദേശത്തിൽ കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ബീച്ച് ഫ്രീഡം സ്ക്വയറിൽ ഭീമൻ പാമ്പും കോണിയും ഒരുക്കുന്നു. നശാ മുക്ത് ഭാരത് അഭിയാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പിന്തുണയിൽ ജില്ലാ സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെയാണ് പരിപാടി. വൈകീട്ട് ജില്ലാ കളക്ടർ M S മാധവിക്കുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനമായ ഇന്ന്, രാവിലെ കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ കൂട്ടയോട്ടം നടത്തും. ടി. ഒ. മോഹനൻ എം.എൽ.എ ഫ്ളാഗ് ഓഫ് ചെയ്യും. ശ്രീകണ്ഠപുരത്ത് ഉച്ചയ്ക്ക് സന്ദേശ റാലി സംഘടിപ്പിക്കും.

കണ്ണൂർ സിറ്റി പോലീസും തലശ്ശേരി പോലീസ് സബ് ഡിവിഷനും ചേർന്ന് "5K റൺ - സീസൺ 2" എന്ന പേരിൽ തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ നിന്ന് ലഹരിവിരുദ്ധ റണ്ണും സംഘടിപ്പിക്കും.

✪✪✪

രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്തായ വിദ്യാർത്ഥികളെയും യുവജനങ്ങളെയും വേട്ടയാടുന്ന വിപത്താണ് ലഹരിയെന്ന് രാജ്മോഹൻ ഉണ്ണിത്താൻ MP കാസർകോട്ട് പറഞ്ഞു. നശാ മുക്ത് ഭാരത് അഭിയാന്റെ ഭാഗമായി, ജില്ലാ സാമൂഹ്യനീതി വകുപ്പും ജില്ലാ പൊലീസും സംയുക്തമായി സംഘടിപ്പിച്ച 'ഐ ആം എ തൂഫാൻ വാരിയർ' ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

✪✪✪

വ്യാവസായിക - വാണിജ്യ LPG വിതരണത്തിലെ എല്ലാ നിയന്ത്രണങ്ങളും നീക്കം ചെയ്തതായി പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ തുടക്കത്തിൽ നിർത്തിവച്ചിരുന്ന LPG-യുടെ വിതരണം, പ്രതിസന്ധിക്ക് മുമ്പത്തെ നിലവാരത്തിലേക്ക് പുനഃസ്ഥാപിച്ചു.

✪✪✪

സംസ്ഥാനത്ത്  6 പേർക്ക് കൂടി ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. ആലപ്പുഴ, കൊല്ലം ജില്ലകളിൽ രണ്ടു വീതവും, തിരുവനന്തപുരം, വയനാട് ജില്ലകളിൽ ഓരോരുത്തർക്കുമാണ് രോഗം  സ്ഥിരീകരിച്ചത്.  ഈ വർഷം ഇതുവരെ 248 പേർക്ക് രോഗബാധ സ്ഥിരീകരിച്ചു. 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

✪✪✪

കോഴിക്കോട് ജില്ലയിൽ നിപ റിപ്പോർട്ട് ചെയ്ത ഈ മാസം 10നു ശേഷം, ഇതുവരെ പുതിയ രോഗബാധയൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിലെ രോഗിയുടെ സമ്പർക്കപ്പട്ടികയിലെ 15 പേരെ പരിശോധിച്ചതിൽ ആർക്കും രോഗബാധയില്ലെന്നും സ്ഥിരീകരിച്ചു. രോഗ നിരീക്ഷണത്തിന്റെ ഭാഗമായി നിപ സമാന ലക്ഷണങ്ങൾ ഉള്ളവരുടെയിടയിൽ ജില്ലയിൽ നടത്തിയ പരിശോധനയിൽ  52 പേരുടെ ഫലവും നെഗറ്റീവ് ആണ്. എങ്കിലും രോഗനിരീക്ഷണ നടപടികൾ ശക്തമായി തുടരുന്നുമെന്ന് മന്ത്രി കെ. മുരളീധരൻ അറിയിച്ചു.

നിപ ബാധിച്ച രോഗി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സയിൽ തുടരുന്നു.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ 64 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ ഇന്നലെ സന്ദർശനം നടത്തി.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ  ഗ്രൂപ്പ് ഇ യിൽ അവസാന മത്സരത്തിൽ പരാജയപെട്ടെങ്കിലും ഒന്നാം സ്ഥാനക്കാരായി ജർമ്മനി നോക്കൗട്ടിലെത്തി. മൂന്നാം മത്സരത്തിൽ ഇക്വഡോർ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ജർമ്മനിയെ തോൽപ്പിച്ച് നോക്കൗട്ട് സാധ്യത ഉറപ്പിച്ചു.  ഐവറി കോസ്റ്റ് മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് കുറസാവൊയെ പരാജയപ്പെടുത്തി.

കൂടുതൽ  വിവരങ്ങളുമായി സുരേഷ് എടപ്പാൾ....

.....വോയ്സ് ........

പുലർച്ചെ നടന്ന മത്സരങ്ങളിൽ നെതർലാന്റ് ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് ടുണീഷ്യയെ തോൽപ്പിച്ചു. ജപ്പാൻ - സ്വീഡൻ മത്സരം സമനിലയിൽ.

✪✪✪

സംസ്ഥാനത്തെ പൊതുഗതാഗത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നത്  ചർച്ച ചെയ്യാൻ മന്ത്രി സി.പി ജോൺ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വാഹൻ - സാരഥി പോർട്ടലുകളുടെ തകരാറുകൾ, KSRTC ബസുകളുടെ നവീകരണം, E - ചെലാൻ ഏകോപനം

തുടങ്ങിയ വിവിധ വിഷയങ്ങൾ യോഗത്തിൽ ചർച്ചയായി. കേരളം ഉന്നയിച്ച ആവശ്യങ്ങളോട് കേന്ദ്രമന്ത്രി തികച്ചും അനുകൂലമായ നിലപാടാണ് സ്വീകരിച്ചതെന്ന് മന്ത്രി സി.പി ജോൺ അറിയിച്ചു.

✪✪✪

ഉണ്ണികൃഷ്ണൻ പുതൂർ സ്മാരക ട്രസ്റ്റ് & ഫൗണ്ടേഷന്റെ പുതൂർ പുരസ്കാരത്തിന് ചെറുകഥാകൃത്തും, നോവലിസ്റ്റുമായ കെ.പി. രാമനുണ്ണി അർഹനായി. ഡോ. എം. ലീലാവതി, സി. രാധാകൃഷ്ണൻ, ഡോ. നെടുമുടി ഹരികുമാർ എന്നിവരടങ്ങിയ സമിതിയാണ് പുരസ്കാരം നിർണ്ണയിച്ചത്. ഉണ്ണികൃഷ്ണൻ പുതൂരിന്റെ 94-ാം ജന്മവാർഷിക സ്മൃതിദിനമായ ജൂലായ് 15 ന് ഗുരുവായൂരിൽ  പുരസ്കാരം സമ്മാനിക്കും. 11,111 രൂപയും വെങ്കലശില്പവും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരമെന്ന് ട്രസ്റ്റ് & ഫൗണ്ടേഷൻ ചെയർമാൻ ഷാജു പുതൂർ അറിയിച്ചു.

✪✪✪

കോതമംഗലം പിണ്ടിമന, കോട്ടപ്പടി പഞ്ചായത്തുകളിലെ ജനവാസമേഖലകളിൽ ഭീതിപരത്തിയ കാട്ടാനയെ മയക്കുവെടി വെച്ച് ചികിൽസ നൽകിയ ശേഷം കരിമ്പാനി വനമേഖലയിലേക്ക് തിരിച്ചുവിട്ടു. ഇന്നലെ രാവിലെ മയക്കുവെടി വെച്ച് പിടികൂടി റേഡിയോ കോളർ ഘടിപ്പിച്ചിരുന്നു. ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശപ്രകാരമാണ് ആനയെ വനത്തിലേക്ക് തിരിച്ചുവിട്ടത്.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: സബിത കെ,*
*News Team: അബ്ദുൾ കബീർ, ശ്രീജി*
*DEO: സി കെ സുബോധ്*